©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13** Vol. XIII | **തിരുവനന്തപുരം, ശനി** Thiruvananthapuram, Saturday | **2024 ഡിസംബർ 21** 21st December 2024 **1200 ധനു 6** 6th Dhanu 1200 **1946 അഗ്രഹായനം 30** 30th Agrahayana 1946 | **നമ്പർ** No. | **4050** |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-എച്ച്) വകുപ്പ്

വിജ്ഞാപനം

നമ്പർ ലെഗ്.എച്ച്1/168/2024/നിയമം.

*തിരുവനന്തപുരം, 2024 ഡിസംബർ 20*
*1200 ധനു 5*
*1946 അഗ്രഹായനം 29.*

2024 ഡിസംബർ 19-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2024-ലെ 3-ാം നമ്പർ ഓർഡിനൻസ്

2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുമുള്ള

ഒരു

ഓർഡിനൻസ്

<u>പീഠിക</u>.—വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അദ്ധ്യായം I

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഓർഡിനൻസിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "സംരക്ഷണകേന്ദ്രം" എന്നാൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള സർക്കാർ വൃദ്ധസദനങ്ങളോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വൃദ്ധസദനങ്ങളോ എന്നർത്ഥമാകുന്നു;

(ബി) "ചെയർപേഴ്സൺ" എന്നാൽ കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(സി) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന വയോജന കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഡി) "വയോജനം" എന്നാൽ അറുപത് വയസ്സ് പൂർത്തിയായിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "അംഗം" എന്നാൽ കമ്മീഷനിലെ ഒരംഗം എന്നർത്ഥമാകുന്നു;

(ജി) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എച്ച്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ഓർഡിനൻസിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അദ്ധ്യായം II

## കമ്മീഷന്റെ രൂപീകരണം

3. കമ്മീഷന്റെ രൂപീകരണം.—(1) സർക്കാർ, ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതിക്കു ശേഷം കഴിയുന്നത്ര വേഗം, ഈ ഓർഡിനൻസിൻ കീഴിൽ കമ്മീഷന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപ്പിച്ചു കൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി വിജ്ഞാപനം മുഖേന, കേരള സംസ്ഥാന വയോജന കമ്മീഷൻ എന്ന പേരിൽ ഒരു നികായം രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ സർക്കാർ വിജ്ഞാപനം വഴി നിയമിക്കുന്ന ഒരു ചെയർപേഴ്സണും മൂന്നിൽ കവിയാത്ത എണ്ണം അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

(3) ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ നിയമിക്കപ്പെടുന്ന എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കേണ്ടതും വയോജനക്ഷേമ മേഖലയിൽ പ്രവർത്തന പരിചയമുള്ള ആളുകളായിരിക്കേണ്ടതും അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടിക ഗോത്രവർഗ്ഗങ്ങളിലോ പെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കേണ്ടതുമാണ്.

(4) സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ കമ്മീഷൻ സെക്രട്ടറിയായും സർക്കാർ നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ കമ്മീഷൻ രജിസ്ട്രാറായും സർക്കാർ ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ കമ്മീഷൻ ഫിനാൻസ് ഓഫീസറായും സർക്കാർ നിയമിക്കേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്.

(6) കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കേണ്ടതാണ്.

4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധിയും സേവന വ്യവസ്ഥകളും.—(1) ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി അവർ പ്രസ്തുത സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് വർഷം വരെ ആയിരിക്കുന്നതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ ചെയർപേഴ്സണ്, തന്റെ പിൻഗാമി 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുകയും അദ്ദേഹം തന്റെ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നതുവരെയോ അല്ലെങ്കിൽ ആറുമാസത്തേക്കോ, ഏതാണോ ആദ്യം അതുവരെ, ഔദ്യോഗിക സ്ഥാനത്ത് തുടരാവുന്നതാണ്.

(2) ചെയർപേഴ്സണോ അംഗത്തിനോ സർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിൽ എഴുതിനൽകിയ ഒരു രാജിക്കത്ത് മുഖേന ഏതു സമയത്തും തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) രാജി, മരണം, നീക്കം ചെയ്യൽ അല്ലെങ്കിൽ അതുപോലെയുള്ള മറ്റേതെങ്കിലും കാരണങ്ങളാൽ ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ആകസ്മിക ഒഴിവ് ഉണ്ടാകുന്നപക്ഷം അവ നികത്തുവാനുള്ള നിയമനം നടത്തേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന വ്യക്തിക്ക് ആരുടെ സ്ഥാനത്തേക്കാണോ അദ്ദേഹത്തെ നിയമിക്കപ്പെടുന്നത് അയാളുടെ അവശേഷിക്കുന്ന ഔദ്യോഗിക കാലയളവിലേക്ക് മാത്രം ഉദ്യോഗം വഹിക്കാൻ അവകാശം ഉണ്ടായിരിക്കുന്നതുമാണ്.

(4) സർക്കാരിന്, ഉത്തരവുമൂലം ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തെയോ, അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനനായി ഒരു ക്ഷമതയുള്ള കോടതി പ്രഖ്യാപിക്കുകയോ;

(ബി) സാന്മാർഗ്ഗിക ദൂഷ്യം ഉൾക്കൊള്ളുന്നതാണെന്ന് സർക്കാരിന് അഭിപ്രായമുള്ള ഒരു കുറ്റത്തിന്, കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ;

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിച്ചിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ;

(ഡി) കമ്മീഷന്റെ അനുവാദം വാങ്ങാതെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ;

(ഇ) വയോജന താല്പര്യത്തിനോ പൊതുതാല്പര്യത്തിനോ ഹാനികരമാകത്തക്കവിധം തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തിട്ടുള്ളതായി സർക്കാരിന് ബോധ്യപ്പെടുകയോ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എഫ്) പ്രവർത്തിക്കാൻ വിസമ്മതിക്കുകയോ; അല്ലെങ്കിൽ

(ജി) പ്രവർത്തിക്കാൻ കഴിവില്ലാതായിത്തീരുകയോ,

ചെയ്യുന്നപക്ഷം ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ യാതൊരാളെയും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ ഈ ഉപവകുപ്പ് പ്രകാരം നീക്കം ചെയ്യാൻ പാടുള്ളതല്ല.

(5) ചെയർപേഴ്സൺ, തൽസ്ഥാനത്ത് തുടരുന്ന കാലത്തോളം, വേതനം പറ്റുന്ന മറ്റു ജോലികളിലോ പ്രതിഫലമുള്ള മറ്റു പ്രവൃത്തികളിലോ വ്യാപൃതനാകാൻ പാടില്ലാത്തതാകുന്നു.

(6) ചെയർപേഴ്സണോ ഒരംഗത്തിനോ രണ്ടിൽ കൂടുതൽ തവണ ഔദ്യോഗികസ്ഥാനം വഹിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല:

എന്നാൽ (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നിയമിക്കപ്പെടുന്നതും ഒരു വർഷമോ അതിൽ കുറവോ കാലയളവിലേക്ക് മാത്രം ഔദ്യോഗികസ്ഥാനം വഹിക്കുന്നതുമായ ഒരാളുടെ സംഗതിയിൽ, പ്രസ്തുത കാലയളവ് ആദ്യ നിയമനമായി കണക്കാക്കേണ്ടതില്ലാത്തതും അങ്ങനെയുള്ള വ്യക്തികൾക്ക് പ്രസ്തുത കാലയളവിന് പുറമെ രണ്ട് തവണ ഔദ്യോഗികസ്ഥാനം വഹിക്കാൻ അർഹതയുണ്ടായിരിക്കുന്നതുമാണ്.

(7) കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ പൊതുവായ മേൽനോട്ടം, മാർഗ്ഗനിർദ്ദേശം, ഭരണനിർവ്വഹണം എന്നിവ ചെയർപേഴ്സണിൽ നിക്ഷിപ്തമായിരിക്കുന്നതും പ്രസ്തുത ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് അദ്ദേഹത്തെ മറ്റംഗങ്ങൾ സഹായിക്കേണ്ടതുമാണ്.

(8) ചെയർപേഴ്സൺ ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു പൂർണ്ണ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ശമ്പളത്തിനും ബത്തകൾക്കും അർഹത ഉണ്ടായിരിക്കുന്നതുമാണ്.

(9) കമ്മീഷൻ അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഓണറേറിയത്തിനും യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ബത്തകൾക്കോ അല്ലെങ്കിൽ സിറ്റിംഗ് ഫീസിനോ അർഹതയുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. കമ്മീഷനിലെ ഉദ്യോഗസ്ഥരും ജീവനക്കാരും.—(1) കമ്മീഷന്, അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സർക്കാർ ലഭ്യമാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നൽകേണ്ട ശമ്പളം, ബത്തകൾ, നിയമന രീതി, സേവനം സംബന്ധിച്ച മറ്റു നിബന്ധനകൾ മുതലായവ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

6. ശമ്പളവും ബത്തകളും ഭരണചെലവുകളും ഗ്രാന്റുകളിൽ നിന്ന് അനുവദിക്കണമെന്ന്.—ചെയർപേഴ്സന്റെ ശമ്പളവും ബത്തകളും, അംഗങ്ങൾക്ക് നൽകേണ്ട ഓണറേറിയവും ബത്തകളും, 3-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിലും 5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലും പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണനിർവ്വഹണ ചെലവുകൾ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റുകളിൽ നിന്ന് വിനിയോഗിക്കേണ്ടതാണ്.

7. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികൾ അസാധുവാക്കുന്നതല്ലെന്ന്.—കമ്മീഷന്റെ യാതൊരു പ്രവൃത്തികളും അല്ലെങ്കിൽ നടപടികളും കമ്മീഷനിൽ ഏതെങ്കിലും ഒഴിവ് ഉണ്ടെന്നോ അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

8. കമ്മീഷന്റെ യോഗങ്ങൾ.—(1) ചെയർപേഴ്സണ് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള സ്ഥലത്തും അങ്ങനെയുള്ള സമയത്തും, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, കമ്മീഷന്റെ യോഗം ചേരേണ്ടതാണ്.

(2) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചെയർപേഴ്സന്റെയോ അല്ലെങ്കിൽ ഇതിലേക്ക് കമ്മീഷൻ അധികാരപ്പെടുത്തുന്നത് പ്രകാരം രജിസ്ട്രാറുടെയോ കയ്യൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതും കമ്മീഷൻ ചമയ്ക്കുന്ന മറ്റ് പ്രമാണങ്ങൾ സെക്രട്ടറിയുടെയോ അല്ലെങ്കിൽ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെയോ കയ്യൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതുമാണ്.

(3) കമ്മീഷന്, അതിന്റെ മുമ്പാകെയുള്ള ഏതെങ്കിലും കാര്യങ്ങളുടെ നിർവ്വഹണത്തിന്റെ ആവശ്യത്തിലേക്കായോ ഏതെങ്കിലും പ്രത്യേക വിഷയം പരിഗണിക്കുന്നതിലേക്കായോ പ്രസ്തുത വിഷയത്തിൽ പ്രത്യേകമായ അറിവുള്ള രണ്ടിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂടാത്ത എണ്ണം ആളുകളെ പ്രത്യേക ക്ഷണിതാക്കളായി വിളിക്കാവുന്നതും എന്നാൽ അവർക്ക് കമ്മീഷന്റെ യോഗങ്ങളിൽ വോട്ടവകാശം ഇല്ലാത്തതുമാകുന്നു.

(4) (3)-ാം ഉപവകുപ്പ് പ്രകാരം ക്ഷണിക്കപ്പെടുന്ന ആളുകൾക്ക് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ബത്തകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ ചുമതലകൾ, അധികാരങ്ങൾ മുതലായവ

9. കമ്മീഷന്റെ ചുമതലകൾ.—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിധേയമായി, വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതും സഹായിക്കുന്നതും അവർക്ക് പുനരധിവാസം ആവശ്യമുള്ളിടത്ത് സർക്കാരുമായി സഹകരിച്ച് അത് സാദ്ധ്യമാക്കുന്നതും ഏതെങ്കിലും തരത്തിലുള്ള നിയമസഹായം ആവശ്യമുള്ളിടത്ത് ആയത് ലഭ്യമാക്കുന്നതും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതും സർക്കാർ കാലാകാലങ്ങളിൽ കമ്മീഷനെ ഏൽപ്പിച്ച് നൽകുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുന്നതും കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(2) കമ്മീഷന് അതിന്റെ ലക്ഷ്യപ്രാപ്തിക്ക് വേണ്ടി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത്:—

(എ) വയോജനക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഭാരതത്തിന്റെ ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധന അല്ലെങ്കിൽ അന്വേഷണം നടത്തി ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക;

(ബി) വയോജനക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് വേണ്ടി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുക;

(സി) ഉപേക്ഷിക്കപ്പെടുകയോ അനാഥരാക്കപ്പെടുകയോ ചെയ്യുന്ന വയോജനങ്ങളെ സംരക്ഷണകേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) വയോജനക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് സർക്കാരിന് ഉപദേശം നൽകുക;

(ഇ) വയോജനങ്ങളുടെ അവകാശം, സംരക്ഷണം, ക്ഷേമം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ നിഷേധിക്കപ്പെട്ടതായോ ലംഘിക്കപ്പെട്ടതായോ വയോജനങ്ങൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടായതായോ പരാതി ലഭിക്കുകയോ ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ അങ്ങനെയുള്ള വ്യവസ്ഥകളുടെ ലംഘനമോ നിഷേധമോ അതിക്രമമോ പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുന്നിടത്ത് ഒരു പ്രാഥമിക അന്വേഷണം നടത്തി രേഖാമൂലമുള്ള റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും തുടർനടപടികൾക്ക് ശിപാർശ ചെയ്യുകയും അർഹമായ കേസുകളിൽ ബന്ധപ്പെട്ട നിയമ സഹായ അതോറിറ്റികളുടെ സഹായം ലഭ്യമാക്കുകയും ചെയ്യുക;

(എഫ്) വയോജനങ്ങൾ തടവിലാക്കപ്പെടുന്ന ജയിലുകൾ, ലോക്കപ്പുകൾ, കസ്റ്റഡിയുമായി ബന്ധപ്പെട്ട മറ്റ് സ്ഥലങ്ങൾ എന്നിവയിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കുക;

(ജി) വയോജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക;

(എച്ച്) അതത് സമയം കമ്മീഷന്റെ പരിഗണനയ്ക്ക് അയയ്ക്കുന്ന മറ്റ് വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുക.

10. <u>കമ്മീഷന്റെ അധികാരങ്ങൾ</u>.—(1) കമ്മീഷന്, അതിന്റെ ചുമതലകൾ നിറവേറ്റുന്ന ആവശ്യത്തിലേക്കായി,—

(എ) സർക്കാർ അനുമതിയോടുകൂടി ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്റെയോ; അല്ലെങ്കിൽ

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളുടെയോ തദ്ദേശാധികാരസ്ഥാനങ്ങളുടെയോ അനുമതിയോടും സർക്കാരിന്റെ സമ്മതത്തോടും കൂടി ബന്ധപ്പെട്ട കോർപ്പറേഷന്റെയോ തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ,

സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) കമ്മീഷന്, 9-ാം വകുപ്പ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും ആളെ വിളിച്ചുവരുത്തുന്നതിനും ഹാജർ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടെടുക്കുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ മറ്റ് സ്ഥാപനത്തിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി കമ്മീഷനുകളെ നിയോഗിക്കുന്നതിനും; കൂടാതെ

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതിക്കും.

(3) 9-ാം വകുപ്പിൻകീഴിൽ കമ്മീഷൻ ഒരു അന്വേഷണം നടത്തുമ്പോൾ, ബന്ധപ്പെട്ട കക്ഷികൾക്ക് നേരിട്ടോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ പ്രതിനിധി മുഖേനയോ തങ്ങൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

(4) ഈ ഓർഡിനൻസിൻ കീഴിൽ നടത്തിയ ഏതൊരു അന്വേഷണത്തിലും കമ്മീഷന്റെ തീരുമാനങ്ങൾ അതിന്റെ ശിപാർശ സഹിതം ഉചിതമായ നടപടിക്കായോ അല്ലെങ്കിൽ തർക്കത്തിലേർപ്പെട്ട കക്ഷികൾക്ക് പരിഹാരത്തിനായോ സർക്കാരിലേക്ക് അയയ്ക്കേണ്ടതാണ്.

(5) തെളിവെടുപ്പിന്റെ ഭാഗമായി കമ്മീഷൻ മുമ്പാകെ ഒരാൾ അയാളെ സംബന്ധിച്ച് നൽകുന്ന പ്രസ്താവനയോ മൊഴിയോ, അത്തരം പ്രസ്താവനയോ മൊഴിയോ വഴി തെറ്റായ തെളിവ് നൽകിയതിനുള്ള പ്രോസിക്യൂഷൻ നടപടിയിൽ ഒഴികെ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏതെങ്കിലും സിവിൽ കോടതിയിലോ ക്രിമിനൽ കോടതിയിലോ ഉള്ള നടപടികളിൽ അങ്ങനെയുള്ള ആൾക്കെതിരായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

11. കമ്മീഷനിലേക്കുള്ള വിഹിതങ്ങൾ, എൻഡോവ്മെന്റുകൾ മുതലായവ.—കമ്മീഷന്, സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയും സർക്കാർ ഇക്കാര്യത്തിൽ നിഷ്കർഷിക്കുന്ന അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമായും, വിവിധ തരത്തിലുള്ള സാഹിത്യവും സാംസ്കാരികവും കായികവും ആയ പ്രവൃത്തികളിൽ വയോജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എൻഡോവ്മെന്റുകൾ രൂപീകരിക്കുന്നതിനും സമ്മാനങ്ങൾ നൽകുന്നതിനും ഏതൊരു സംഘടനയിൽ നിന്നോ വ്യക്തിയിൽ നിന്നോ സംഭാവനയായോ വിഹിതമായോ അല്ലെങ്കിൽ മറ്റേതെങ്കിലും പേരിലോ പണം സ്വീകരിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം IV

## ധനകാര്യവും കണക്കുകളും ആഡിറ്റും വാർഷിക റിപ്പോർട്ടും

12. സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ.—(1) സർക്കാർ, നിയമസഭ പാസ്സാക്കിയ നിയമം മൂലം യഥാവിധി ധനവിനിയോഗം നടത്തിയതിനു ശേഷം, ഈ ഓർഡിനൻസിന്റെ ആവശ്യത്തിലേക്ക് വിനിയോഗിക്കുന്നതിനായി യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുക ഗ്രാന്റായി കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്, ഈ ഓർഡിനൻസിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള തുക, ഗ്രാന്റിൽ നിന്ന് ചെലവാക്കാവുന്നതും അപ്രകാരമുള്ള തുക (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്നും നൽകേണ്ട ചെലവായി കരുതേണ്ടതുമാണ്.

13. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ, ശരിയായ കണക്കുകളും മറ്റ് പ്രസക്ത രേഖകളും വച്ചുപോരേണ്ടതും, അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ അക്കൗണ്ടുകൾ, അക്കൗണ്ടന്റ് ജനറൽ ഓരോ സാമ്പത്തിക വർഷവും ആഡിറ്റ് നടത്തേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവ് അക്കൗണ്ടന്റ് ജനറലിന് കമ്മീഷൻ നൽകേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) അക്കൗണ്ടന്റ് ജനറലിനോ ഈ ഓർഡിനൻസിൻ കീഴിൽ കമ്മീഷന്റെ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും ആളിനോ, സാധാരണയായി അക്കൗണ്ടന്റ് ജനറലിന് സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റ് ചെയ്യുമ്പോഴുള്ള അതേ അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ചും ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടുന്നതിനും കമ്മീഷന്റെ ഏതൊരു ആഫീസും പരിശോധിക്കുന്നതിനുമുള്ള അധികാരമുണ്ടായിരിക്കുന്നതുമാണ്.

(4) അക്കൗണ്ടന്റ് ജനറലോ അദ്ദേഹം ഈ ആവശ്യത്തിലേക്കായി നിയോഗിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കമ്മീഷന്റെ അക്കൗണ്ടുകൾ, അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം, കമ്മീഷൻ ഓരോ സാമ്പത്തിക വർഷവും സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സർക്കാർ അത് ലഭിച്ച തീയതി മുതൽ ആറുമാസക്കാലത്തിനകം ആഡിറ്റ് റിപ്പോർട്ട് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

14. കമ്മീഷന്റെ വാർഷിക റിപ്പോർട്ട്.—(1) കമ്മീഷൻ, ഓരോ സാമ്പത്തിക വർഷവും അവസാനിച്ചശേഷം മൂന്ന് മാസത്തിനുള്ളിൽ, നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള തീയതിയിലും മുൻ സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും പൂർണ്ണ വിവരങ്ങൾ കാണിക്കുന്ന ഒരു വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ്, അത് ലഭിച്ചതിനുശേഷം ആറുമാസത്തിനകം സർക്കാർ, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

15. ഉത്തമവിശ്വാസത്തിലെടുത്ത നടപടിക്ക് സംരക്ഷണം.—ഈ ഓർഡിനൻസിൻ കീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ചെയർപേഴ്സണോ ഏതൊരു അംഗത്തിനോ സെക്രട്ടറിക്കോ കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന കമ്മീഷന്റെ മറ്റേതൊരു ഉദ്യോഗസ്ഥനോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ ശിക്ഷാനടപടിയോ നിയമനടപടികളോ നിലനിൽക്കുന്നതല്ല.

16. ചെയർപേഴ്സണും അംഗങ്ങളും സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.—ചെയർപേഴ്സണും അംഗങ്ങളും സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും 2023-ലെ ഭാരതീയ ന്യായ സംഹിതയിലെ (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിന്റെ (28)-ാം ഖണ്ഡത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

17. മറ്റ് നിയമങ്ങളുടെ ബാധകമാക്കൽ തടയുന്നില്ലെന്ന്.—ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിന് പുറമെയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

18. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മുഖേന അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ അപ്രകാരമുള്ള യാതൊരു ഉത്തരവും ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടുവർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

19. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) ചെയർപേഴ്സണ് നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും, അംഗങ്ങൾക്ക് നൽകേണ്ടതായ ഓണറേറിയവും ബത്തകളും അല്ലെങ്കിൽ സിറ്റിംഗ് ഫീസും;

(ബി) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറി, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ അധികാരങ്ങളും ചുമതലകളും;

(സി) 5-ാം വകുപ്പ് പ്രകാരം കമ്മീഷനിൽ നിയമിക്കപ്പെടേണ്ട ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും;

(ഡി) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷന്റെ യോഗം വിളിച്ചു ചേർക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങളും;

(ഇ) 8-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം പ്രത്യേക ക്ഷണിതാക്കൾക്ക് നൽകേണ്ടതായ ബത്തകളും;

(എഫ്) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ചുമതലകൾ നിറവേറ്റുന്ന ഉദ്യോഗസ്ഥർക്ക് നൽകേണ്ടതായ ബത്തകളും മറ്റ് ആനുകൂല്യങ്ങളും;

(ജി) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കമ്മീഷന്റെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന്റെ ഫാറവും;

(എച്ച്) 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ തയ്യാറാക്കേണ്ട വാർഷിക റിപ്പോർട്ടിന്റെ ഫാറവും സമയപരിധിയും;

(ഐ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് സംഗതികൾ.

(3) ഈ ഓർഡിനൻസിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-H) Department**

NOTIFICATION

No. Leg. H1/168/2024/Law. *Dated, Thiruvananthapuram, 20th December, 2024*
*5th Dhanu, 1200*
*29th Agrahayana, 1946.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala State Elderly Commission Ordinance, 2024 (3 of 2024).

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 3 OF 2024

THE KERALA STATE ELDERLY COMMISSION ORDINANCE, 2024

Promulgated by the Governor of Kerala in the Seventy-fifth Year of the Republic of India.

*AN*

*ORDINANCE*

*to constitute an Elderly Commission for giving guidelines in matters related to the welfare and protection of the elderly and to enable rehabilitation and to make use of their skills for utilizing it for the general public and to ensure the protection of rights and for matters connected therewith or incidental thereto.*

*Preamble*.—WHEREAS, it is expedient to constitute an Elderly Commission for giving guidelines in matters related to the welfare and protection of the elderly and to enable rehabilitation and to make use of their skills for utilizing it for the general public and to ensure the protection of rights and for matters connected therewith or incidental thereto;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

CHAPTER I

PRELIMINARY

1. *Short title and commencement*.—(1) This Ordinance may be called the Kerala State Elderly Commission Ordinance, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) It shall come into force at once.

2. *Definitions*.—In this Ordinance, unless the context otherwise requires,—

(a) “Care Centre” means Government old age homes or old age homes having recognition of the Orphanage Control Board for protecting elderly;

(b) “Chairperson” means Chairperson of the Commission;

(c) “Commission” means the Kerala State Elderly Commission constituted under section 3;

(d) “Elderly” means a person who has completed sixty years of age;

(e) “Government” means the Government of Kerala;

(f) “Member” means a member of the Commission;

(g) “Notification” means a notification published in the Official Gazette;

(h) “Prescribed” means prescribed by rules made under this Ordinance.

## CHAPTER II

## CONSTITUTION OF COMMISSION

3. *Constitution of the Commission*.—(1) The Government shall as soon as may be, after the commencement of this Ordinance, by notification, constitute a body by name, the Kerala State Elderly Commission to exercise the powers conferred on it and to perform the functions assigned to it under this Ordinance.

(2) The Commission shall consists of a Chairperson and not more than three members who shall be appointed by Government by notification.

(3) The Chairperson including members to be appointed to the Commission shall be elderly and having experience in the field of welfare of the elderly and one shall be from among Scheduled Castes or Scheduled Tribes and the other shall be a woman.

(4) The Government shall appoint a person not below the rank of an Additional Secretary to Government as the Secretary of the Commission and a person not below the rank

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

of the Joint Secretary to Government in Law Department as the Registrar of the Commission and a person not below the rank of the Deputy Secretary to Government in Finance Department as the Finance Officer of the Commission.

(5) Persons appointed under sub-section (4) shall have such powers and functions as may be prescribed.

(6) The headquarters of the Commission shall be at Thiruvananthapuram.

4. *Term of office and conditions of service of Chairperson and members*.—(1) The term of office of the Chairperson and the members shall be three years from the date on which they assume office:

Provided that the Chairperson may continue in office till his successor is appointed under sub-section (2) of section 3 and assumes office or for six months, whichever is earlier.

(2) The Chairperson or the member may, at any time by writing under his hand addressed to the Government, resign his office.

(3) In the event of occurrence of casual vacancy of the Chairperson or the member by resignation, death, removal or by like reasons, it shall be filled by appointment and the persons so appointed shall be entitled to hold office for the remaining period of the term of office in whose place he is so appointed.

(4) The Government may by order remove the Chairperson or any member from his office, if he,—

(a) is adjudged as an undischarged insolvent by a competent court;

(b) has been convicted and sentenced to imprisonment for an offence which in the opinion of the Government involves moral turpitude;

(c) become of unsound mind and stands so declared by a competent court;

(d) is absent from three consecutive meetings without obtaining permission from the Commission;

(e) is in the opinion of the Government, abused his official position in such a way so as to be detrimental to the interest of the elderly or to the public interest;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(f) abstain from discharging functions; or

(g) became incapable to discharge functions:

Provided that no person shall be removed under this sub-section unless he has been given a reasonable opportunity of being heard.

(5) The Chairperson shall not engage in any other employment earning salary or in any other work having remuneration, in so far as he continues in that position.

(6) The Chairperson or a member shall not be eligible to hold office for more than two term:

Provided that in the case of a person appointed under the provisions of sub-section (3) and holding office only for a period of one year or less, such period shall not be construed as first appointment and such persons shall be eligible to hold office for two term in addition to such term.

(7) The general superintendence, guidance and administration in the day to day affairs of the Commission shall be vested with the Chairperson and he shall be assisted by other members in the discharge of such functions.

(8) The Chairperson shall be a full time officer having the rank of Secretary to Government and shall be eligible for such salary and allowances, as may be prescribed.

(9) The members of the Commission shall be eligible for honorarium or such allowances or sitting fees, as may be prescribed, for attending the meetings.

5. *Officers and Staff of the Commission*.—(1) The Government shall provide to the Commission officers and staff required for the discharge of its functions.

(2) The salaries and allowances payable to the officers and staff, appointed under sub-section (1) and the method of appointment and other conditions relating to service etc. shall be in the manner as prescribed.

6. *Salaries, allowances and the administrative expenses shall be paid out of grants*.—The salary and allowances of the Chairperson, the honorarium and the allowances payable to the members and the administrative expenses including salary, allowances and pension payable to the officers and staff referred to in sub-section (4) of section 3 and

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

sub-section (1) of section 5 shall be met out of the grants referred to in sub-section (1) of section 12.

7. *Vacancies etc. not to invalidate the proceedings of the Commission*.—No act or proceedings of the Commission shall be invalid only on the ground that there exists any vacancy in the Commission or any defect in its constitution.

8. *Meetings of the Commission*.—(1) The Commission shall meet at such time and at such place as the Chairperson may think fit in accordance with the procedure as may be prescribed.

(2) All orders and decisions of the Commission shall be authenticated by the signature of the Chairperson or the Registrar as authorised by the Commission in this behalf and other instruments executed by the Commission shall be authenticated by the signature of the Secretary or an officer discharging the functions of the Secretary.

(3) The Commission may, for the purpose of transacting any business before it or for considering any special issue, call upon persons not exceeding two having special knowledge in the matter as special invitee but such persons shall have no right to vote in the meetings of the Commission.

(4) The persons invited under sub-section (3) shall be eligible for such allowances as may be prescribed.

## CHAPTER III

## FUNCTIONS, POWERS ETC. OF THE COMMISSION

9. *Functions of the Commission*.—(1) Subject to the provisions of this Ordinance, it shall be the function of the Commission to issue guidelines for the welfare and protection of the elderly and to assist and to arrange rehabilitation of them, in collaboration with Government, whenever it is required and to provide legal aid in any manner when needed, and to undertake necessary activities for using the skills of the elderly for utilizing it for the general public and to perform such other functions as may be assigned to the Commission by the Government from time to time.

(2) The Commission may in furtherance of its object, perform the following functions, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(a) to conduct investigation or inquiry and to recommend necessary remedial measures for the implementation of the provisions relating to the welfare and protection of the elderly, contained in the Constitution of India or any other law or any order for the time being in force;

(b) to co-ordinate various Departments of the Government for ensuring welfare and protection of the elderly;

(c) to co-ordinate necessary actions for bringing to the Care Centers those elderly who were abandoned or orphaned;

(d) to advise the Government regarding the programmes which are to be planned for ensuring welfare and protection of the elderly;

(e) when a complaint is received or brought to notice that there occurred denial or violation of the provisions relating to rights, protection or welfare of the elderly or there occurred violence against the elderly and where it is *prima facie* satisfied the denial or violation of such provisions or violence, it shall conduct a preliminary inquiry and prepare a report in writing thereon and bring it to the notice of the authorities concerned and to recommend for further action and shall, in appropriate cases, provide assistance from the Legal Aid Authorities;

(f) to conduct enquiry on a complaint received from prisons or lock-ups where the elderly are detained or other places related to custody and submit reports to the authorities concerned;

(g) to prepare status statement of the elderly;

(h) to advice Government on other matters referred to the Commission for consideration from time to time.

10. *Powers of the Commission*.—(1) The Commission shall for the purpose of carrying out its functions have the power to utilize the service of,—

(a) any officer of the Government, with the permission of the Government; or

(b) any officer of the Corporation or the Local Authorities concerned, with the sanction of Government owned Corporations or of the Local Authorities and with the concurrence of the Government.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) The Commission shall, while performing its functions under section 9, have all the powers of a civil court trying a suit under the Code of Civil Procedure, 1908 (Central Act 5 of 1908) in respect of the following matters, namely:—

(a) summoning and enforcing the attendance of any person and examining them on oath;

(b) discovery and production of any document;

(c) receiving evidence on affidavit;

(d) requisitioning any public record or copy thereof from any court or office or other institutions;

(e) issuing commissions for the examination of witnesses and verification of documents;

(f) any other matter as may be prescribed.

(3) The Commission shall, while conducting an inquiry under section 9, afford a reasonable opportunity of being heard to the persons concerned by themselves or through authorised representative.

(4) The findings of the Commission on any inquiry under this Ordinance shall be forwarded to the Government along with its recommendation for appropriate action or for redressal to the parties in dispute.

(5) The statement or deposition given by a person relating to himself before the Commission as part of taking evidence shall not be used in proceedings before any civil court or criminal court except in prosecution proceedings for giving false evidence by way of such statement or deposition.

11. *Contributions, endowments etc. towards the Commission.*—The Commission shall, with the previous sanction of the Government and subject to such terms and conditions as may be specified by the Government in this behalf, have the power to receive money from any organisation or person by way of donation or contribution or by any other name called, instituting endowments and for awarding prizes for encouraging the elderly in various literary, cultural and sports activities.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## CHAPTER IV

## FINANCE, ACCOUNTS, AUDIT AND ANNUAL REPORT

12. *Grants by the Government*.—(1) The Government shall, after due appropriation made by the Legislature by law in this behalf, pay to the Commission by way of grant such sum of money as the Government may think fit for being utilized for the purpose of this Ordinance.

(2) The Commission may spend such sum out of the grant as it may deem fit for performing the functions under this Ordinance and such sum shall be treated as expenditure payable out of the grant referred to in sub-section (1).

13. *Accounts and Audit*.—(1) The Commission shall maintain proper accounts and other relevant records and prepare an annual statement of accounts in consultation with the Accountant General in the Form as may be prescribed.

(2) The accounts of the Commission shall be audited by the Accountant General in each financial year and any expenditure incurred in connection with such audit shall be payable by the Commission to the Accountant General.

(3) The Accountant General and any person appointed by him in connection with the audit and accounts of the Commission under this Ordinance shall have the same rights and privileges as the Accountant General generally has in connection with the audit of Government accounts and in particular, shall have the right to demand production of books and accounts, connected vouchers, other documents and papers and to inspect any Office of the Commission.

(4) The accounts of the Commission as certified by the Accountant General or any other person appointed by him in this behalf along with the audit report thereon shall be forwarded by the Commission in each financial year to the Government and the Government shall lay the report before the Legislative Assembly within a period of six months from the date of its receipt.

14. *Annual report of the Commission*.—(1) The Commission shall within three months after the end of each financial year submit to the Government an annual report giving a full account of the activities and programmes undertaken during the previous financial year in such Form and in such date as may be prescribed.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) A copy of the report received under sub-section (1) shall be laid before the Legislative Assembly by the Government within six months from the date of receipt of the same.

## CHAPTER V

## MISCELLANEOUS

15. *Protection of action taken in good faith*.—No suit, prosecution or other legal proceedings shall lie against the Chairperson or any Member, Secretary or any other officer or staff of the Commission acting under the direction of the Commission in respect of anything which is done or purported to be done in good faith under this Ordinance.

16. *Chairperson, Members, Secretary, and other officers and staffs to be public servants*.— The Chairperson, Members, Secretary and other officers and staffs shall be deemed to be public servants within the meaning of clause (28) of section 2 of the Bharatiya Nyaya Sanhita, 2023 (Central Act 45 of 2023).

17. *Application of other laws not barred*.—The provisions of this Ordinance shall be in addition to and not in derogation of any other laws for the time being in force.

18. *Power to remove difficulties*.—(1) If any difficulty arises in giving effect to the provisions of this Ordinance, the Government may, by order published in the Gazette make such provisions, not inconsistent with the provisions of this Ordinance, as appear to it to be necessary or expedient for removing the difficulties:

Provided that no such order shall be issued after the expiry of a period of two years from the date of commencement of this Ordinance.

(2) Every order made under sub-section (1) shall as soon as may be after it is made be laid before the Legislative Assembly.

19. *Power to make rules*.—(1) The Government may, by notification in the Gazette, make rules for carrying out the provisions of this Ordinance.

(2) In particular and without prejudice to the generality of the foregoing powers, such rules may provide for all or any of the following matters, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(a) the salary and allowances payable to and other terms and conditions of service of the Chairperson and the honorarium, allowances or sitting fees payable to the Members;

(b) the powers and functions of the Secretary, the Registrar and the Finance Officer, appointed under sub-section (4) of section 3;

(c) the method of appointment, salary, allowances and other conditions of service of the staff to be appointed in the Commission under section 5;

(d) the procedure for summoning the meeting of the Commission under sub-section (1) of section 8;

(e) the allowances payable to the special invitee as per sub-section (3) of section 8;

(f) the allowances and other benefits payable to officers performing functions under sub-section (1) of section 10;

(g) the Form for preparing the annual statement under sub-section (1) of section 13;

(h) the Form and time limit of annual report to be prepared by the Commission under sub-section (1) of section 14;

(i) any other matters which is to be, or may be, prescribed.

(3) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly, while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however, that any such modification or annulment shall be without prejudice to the validity of anything previously done under that rule.

ARIF MOHAMMED KHAN,

*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.12.21 03:24:49 +05:30